I/112948/2023

**"ഭരണഭാഷ-മാതൃഭാഷ"**

**നമ്പർ: KTDS/605/2023- C (2)**

ഡയറക്ടറേറ്റ് ഓഫ് കിർടാഡ്സ്

കോഴിക്കോട്- 673 017
ഫോൺ നമ്പർ: 0495 2356805
ഇ-മെയിൽ: kirtads@gmail.com
kirtads@kerala.gov.in

തീയ്യതി: 09-10-2023

**ക്വട്ടേഷൻ നോട്ടീസ് നമ്പർ: 04**

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആൻഡ് ഡെവലപ്മെൻറ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ്സ് ആൻഡ് ഷെഡ്യൂൾഡ് ട്രൈബ്സ് (കിർടാഡ്സ്), ചേവായൂർ, കോഴിക്കോട് - 17 ലേക്ക് 17.10.2023 മുതൽ 21.10.2023 വരെയുള്ള തീയ്യതികളിൽ നടത്തുന്ന "പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ (ടി.ഇ.ഒ.), ജുനിയർ സൂപ്രണ്ട്മാർ, എം.ആർ.എസ് മാനേജർമാർ എന്നിവർക്കുള്ള അഞ്ച് ദിവസത്തെ പരിശീലന പരിപാടി" എന്ന പദ്ധതിയിൽ പങ്കെടുക്കുന്നവരെ, രാവിലെ താമസ സ്ഥലത്ത് നിന്ന് കിർടാഡ്സിലേക്ക് എത്തിക്കുന്നതിനും വൈകുന്നേരം തിരിച്ചുകൊണ്ടു പോകുന്നതിനും വാഹന സൗകര്യം ഒരുക്കുന്നതിന് മുദ്രവെച്ച ക്വട്ടേഷൻ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ക്ഷണിക്കുന്നു.

**നിബന്ധനകൾ**

1. 17.10.2023 മുതൽ 21.10.2023 വരെയുള്ള പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് വാഹന സൗകര്യം ഒരുക്കുന്നതിനായിട്ടാണ് ഈ ക്വട്ടേഷൻ ക്ഷണിക്കുന്നത്.

2. 30 ആളുകൾക്ക് യാത്രാ സൗകര്യം ഒരുക്കുന്നതിനുള്ള വാഹനമാണ് ആവശ്യമുള്ളത്. വാഹനത്തിനു ഒരു ദിവസത്തേക്കുള്ള തുക (എല്ലാ ചാർജും ഉൾപ്പെടെ) യാണ് ക്വാട്ട് ചെയ്യേണ്ടത്.

3. ക്വട്ടേഷൻ പ്രകാരം ലഭ്യമാക്കുന്ന വാഹനത്തിനു മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ നിബന്ധനകളും പാലിച്ച് ഉപയോഗിക്കുന്നവയായിരിക്കണം.

4. വാഹനം സംബന്ധിച്ചുള്ള എല്ലാ രേഖകളും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്. ലൈസൻസിന്റെയും പാൻകാർഡിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ക്വട്ടേഷനോടോപ്പം സമർപ്പിക്കേണ്ടതാണ്.

6. വാഹന സൗകര്യം ഒരുക്കുന്നതിനുള്ള ബില്ലിൽ നിന്നും അതതു സമയത്ത് പ്രാബല്യത്തിലുള്ള ആദായ നികുതി കുറവ് ചെയ്യുന്നതാണ്.

7. കേരള സർക്കാറിന്റെ ക്വട്ടേഷൻ സംബന്ധിച്ച എല്ലാ നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമായിരിക്കും.

**8.** മുദ്രവെച്ച കവറുകൾ **13/10/2023** ന് രാവിലെ **11** മണി വരെ കിർടാഡ്സ് ഓഫീസിൽ സ്വീകരിക്കുന്നതായിരിക്കും.

**9.** ലഭിച്ച ക്വട്ടേഷനുകൾ **13/10/2023** ന് വൈകുന്നേരം **3** മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ നിയമാനുസൃത പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ തുക വകയിരുത്തിയ വ്യക്തിക്ക്/സ്ഥാപനത്തിന് ക്വട്ടേഷൻ താത്ക്കാലികമായി ഉറപ്പിക്കുന്നതുമായിരിക്കും.

ഡയറക്ടർ

Signed by
Sreedhanya Suresh
Date: 09-10-2023 17:09:59

പകർപ്പ്

1. നോട്ടീസ് ബോർഡ്
2. കലക്ടറേറ്റ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്)
3. താലൂക്ക് ഓഫീസ്, കോഴിക്കോട് (നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്
4. കമ്പ്യൂട്ടർ ഓപ്പറേറ്റർ, കിർടാഡ്സ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ആഫീസ് പകർപ്പ്
6. കരുതൽ ഫയൽ